**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2340** **21-01-2021 - ൽ മറുപടിയ്ക്ക്**

**ആത്മ നിർഭർ ഭാരത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . വി. ടി. ബൽറാം | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
| (എ) | രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാൻ കേന്ദ്രം പ്രഖ്യാപിച്ച ആത്മ നിർഭർ ഭാരത് പദ്ധതി സംസ്ഥാനത്തിന് ഗുണകരമാണോ; | (എ) | കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അഞ്ച് ഘട്ടങ്ങളിലായി 20 ലക്ഷം കോടി രൂപയുടെ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് പ്രധാനമായും സംസ്ഥാനങ്ങളുടെ വായ്പാ പരിധി വർദ്ധിപ്പിക്കൽ, MSME കൾക്കുള്ള ഈടില്ലാതെയുള്ള വായ്പ, Equity Funding, NBFC കൾക്കുള്ള Liquidity Schemes, കർഷകർക്കുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ, തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിക്കൽ, വഴിയോര കച്ചവടക്കാർക്കുള്ള വായ്പാ സൗകര്യം, അന്യ സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിലുള്ള താമസസൗകര്യവും സൗജന്യ ഭക്ഷ്യ ധാന്യങ്ങളും ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളുടെ VGF വർദ്ധിപ്പിക്കൽ, പൊതു ആരോഗ്യ രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കൽ, മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ തൊഴിലാളികൾക്കുള്ള സഹായം, CAMPA Fund ഉപയോഗിച്ചു കൊണ്ട് ആദിവാസികൾക്ക് തൊഴിൽ നൽകുന്ന പദ്ധതി തുടങ്ങിയവയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് നേരിട്ട് ഉത്തേജനം നൽകാൻ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് പര്യാപ്തമല്ലെന്നും ഇത് ചെറുകിട വായ്പക്കാർക്കും ചെറുകിട വ്യാപാര വ്യവസായങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനാണ് ഊന്നൽ നൽകുന്നത് എന്നാണ് പൊതുവിൽ വിലയിരുത്തപ്പെടുന്നത്. |
| (ബി) | സംസ്ഥാനത്തെ ഏതൊക്കെ മേഖലകളിൽ അതിന്റെ ഗുണം ലഭിക്കുമെന്നും അത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് എപ്രകാരം ഉത്തേജനമാകുമെന്നും വിശദമാക്കുമോ; | (ബി) | കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അഞ്ച് ഘട്ടങ്ങളിലായി 20 ലക്ഷം കോടി രൂപയുടെ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് |

| | | | |
|---|---|---|---|
| | | | കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് പ്രധാനമായും സംസ്ഥാനങ്ങളുടെ വായ്പാ പരിധി വർദ്ധിപ്പിക്കൽ, MSME കൾക്കുള്ള ഈടില്ലാതെയുള്ള വായ്പ, Equity Funding, NBFC കൾക്കുള്ള Liquidity Schemes, കർഷകർക്കുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ, തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിക്കൽ, വഴിയോര കച്ചവടക്കാർക്കുള്ള വായ്പാ സൗകര്യം, അന്യ സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിലുള്ള താമസസൗകര്യവും സൗജന്യ ഭക്ഷ്യ ധാന്യങ്ങളും ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളുടെ VGF വർദ്ധിപ്പിക്കൽ, പൊതു ആരോഗ്യ രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കൽ, മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ തൊഴിലാളികൾക്കുള്ള സഹായം, CAMPA Fund ഉപയോഗിച്ചു കൊണ്ട് ആദിവാസികൾക്ക് തൊഴിൽ നൽകുന്ന പദ്ധതി തുടങ്ങിയവയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് നേരിട്ട് ഉത്തേജനം നൽകാൻ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് പര്യാപ്തമല്ലെന്നും ഇത് ചെറുകിട വായ്പക്കാർക്കും ചെറുകിട വ്യാപാര വ്യവസായങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനാണ് ഊന്നൽ നൽകുന്നത് എന്നാണ് പൊതുവിൽ വിലയിരുത്തപ്പെടുന്നത്. |
| (സി) | സാധാരണക്കാരായ ജനങ്ങളുടെ കൈയ്യിൽ പണം എത്തിയാൽ മാത്രമെ ക്രയശേഷി ഉണ്ടാകുവെന്നതിനാൽ ഉത്തേജന പാക്കേജ് ഇതിന് എത്രമാത്രം സഹായകമാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | കോവിഡ് മഹാമാരിയുടെ പ്രത്യാഘാതത്തിൽ നിന്ന് സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി അഞ്ച് ഘട്ടങ്ങളിലായി 20 ലക്ഷം കോടി രൂപയുടെ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിരുന്നു. ഈ പാക്കേജ് പ്രധാനമായും സംസ്ഥാനങ്ങളുടെ വായ്പാ പരിധി വർദ്ധിപ്പിക്കൽ, MSME കൾക്കുള്ള ഈടില്ലാതെയുള്ള വായ്പ, Equity Funding, NBFC കൾക്കുള്ള Liquidity Schemes, കർഷകർക്കുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ, തൊഴിലുറപ്പ് പദ്ധതിയുടെ വിഹിതം വർദ്ധിപ്പിക്കൽ, വഴിയോര കച്ചവടക്കാർക്കുള്ള വായ്പാ സൗകര്യം, അന്യ സംസ്ഥാന തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിലുള്ള താമസസൗകര്യവും സൗജന്യ ഭക്ഷ്യ ധാന്യങ്ങളും ഉറപ്പാക്കൽ, സോഷ്യൽ ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളുടെ VGF വർദ്ധിപ്പിക്കൽ, പൊതു ആരോഗ്യ രംഗത്തെ നിക്ഷേപം വർദ്ധിപ്പിക്കൽ, മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മത്സ്യ തൊഴിലാളികൾക്കുള്ള സഹായം, CAMPA Fund ഉപയോഗിച്ചു കൊണ്ട് ആദിവാസികൾക്ക് തൊഴിൽ നൽകുന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | തുടങ്ങിയവയാണ് ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സമ്പദ് വ്യവസ്ഥയ്ക്ക് നേരിട്ട് ഉത്തേജനം നൽകാൻ ആത്മ നിർഭർ ഭാരത് അഭിയാൻ പാക്കേജ് പര്യാപ്തമല്ലെന്നും ഇത് ചെറുകിട വായ്പക്കാർക്കും ചെറുകിട വ്യാപാര വ്യവസായങ്ങൾക്കും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിനാണ് ഊന്നൽ നൽകുന്നത് എന്നാണ് പൊതുവിൽ വിലയിരുത്തപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ